**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** — **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് അവയവമാറ്റ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി പ്രത്യേകമായ കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഇൻഷ്വറൻസ് കാലാവധിക്ക് മുമ്പു തന്നെ ഇതിനായുള്ള തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ചികിത്സകൾ മുടങ്ങാതിരിക്കാൻ സർക്കാർ രൂപീകരിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നും അധിക തുക നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | **23.06.2022-ലെ ജി.ഒ. (പി) നം.70/2022/ധന. പ്രകാരം പ്രസിദ്ധീകരിച്ച പദ്ധതിയിലും ഇൻഷ്വറൻസ് കമ്പനിയുമായുള്ള MoU പ്രകാരവും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 35 കോടിയിൽ കുറയാത്ത തുക മൂന്ന് വർഷ കാലയളവിലേയ്ക്ക് കോർപ്പസ് ഫണ്ടായി ഇൻഷ്വറൻസ് കമ്പനിയാണ് അവർക്ക് വാർഷിക പ്രീമിയം തുകയായി നൽകുന്ന തുകയിൽനിന്നും കരുതി വയ്ക്കേണ്ടത്. 25.07.2023 വരെ 1932 പേർക്ക് 38,78,78,521/- രൂപയുടെ ആനുകൂല്യം കോർപ്പസ് ഫണ്ടിൽ നിന്നും നൽകിയതായി ഇൻഷ്വറൻസ് കമ്പനി വിവരം ലഭ്യമാക്കിയിട്ടുണ്ട്. നിശ്ചിത കാലാവധിയ്ക്കുള്ളിൽ ടി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കഴിഞ്ഞതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയകൾക്കായി മെഡിസെപ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 3 വർഷത്തെ പദ്ധതി കാലയളവിലേയ്ക്കായി അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സർക്കാർ നിശ്ചയിച്ചു നൽകി ഇൻഷ്വറൻസ് കമ്പനി മാറ്റിവയ്ച്ച 35 കോടി രൂപ വിനിയോഗിച്ച് തീർന്നതിന് മുഖ്യ കാരണമായ മുട്ടുമാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ കമ്പനിയും സർക്കാരുമായി കൈക്കൊണ്ട ധാരണ പ്രകാരം സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തുവാനും മറ്റ് അവയവമാറ്റ ശസ്ത്രക്രിയകൾ എംപാനൽ ചെയ്ത ആശുപത്രികളിൽ പഴയതുപോലെ തുടരുവാനും തീരുമാനമായിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ പ്രാരംഭഘട്ടം മുതൽ നടത്തുന്ന ദ്വൈവാര അവലോകന യോഗങ്ങളിൽ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്യപ്പെടുകയും അവയവമാറ്റ ശസ്ത്രക്രിയകളെല്ലാം പുനസ്ഥാപിക്കുകയും നിർത്തിവച്ചിരുന്ന കാൽമുട്ട് മാറ്റിവയ്ക്കൽ, ഇടുപ്പ്മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തുകയുമുണ്ടായി. ഗുരുതര രോഗങ്ങൾക്കായി കമ്പനി വകയിരുത്തിയിരിക്കുന്ന 35 കോടി വിനിയോഗിച്ച ശേഷമുള്ള ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടും 2023 ജൂലൈ 1 മുതൽ തുടർന്നും അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുമായി ഇൻഷുറൻസ് കമ്പനിക്ക് 08.09.2023 ലെ ജി ഒ (ആർ റ്റി) നം. 6416/2023/ധന പ്രകാരം 10 കോടി രൂപയും ഫണ്ട് ഉപയോഗം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.** |
| (ബി) | മെഡിസെപ്പ് പദ്ധതി കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക മൊബൈൽ ആപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | **മെഡിസെപ്** പദ്ധതി കൂടുതൽ**ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ സവിശേഷതകൾ, ഗുണഭോക്താക്കൾ, ഇതിലുൾപ്പെട്ട ആശുപത്രി ശൃംഖല, ചികിത്സാ പാക്കേജുകൾ, മെഡിസെപ് പദ്ധതിയിൽ പ്രീമിയം ഒടുക്കുന്ന വിധവും അക്കൗണ്ടിംഗ് രീതികളും, ആശുപത്രികൾക്കുള്ള നിർദ്ദേശങ്ങൾ, പരാതി പരിഹാര സംവിധാനം എന്നിവയെ പറ്റി അവഗാഹം നൽകുന്നതിനായി വെബ്പോർട്ടലും (www.medisep.kerala.gov.in) മെഡിസെപ് ഹാൻഡ്ബുക്കും പുറത്തിറക്കിയിട്ടുണ്ട്.**<br><br>**ഗുണഭോക്താവിന്റെ വിശദ വിവരങ്ങൾ, പദ്ധതിയിൽ ആനുകൂല്യം നൽകുന്ന ആശുപത്രികളിലെ സേവനം ലഭ്യമാക്കിയിട്ടുള്ള വിഭാഗങ്ങളുടെ വിവരങ്ങൾ, അടിസ്ഥാന പരിരക്ഷയിൽ ഉപയോഗിച്ച തുകയുടെ വിശദാംശങ്ങൾ, എന്നീ വ്യക്തിഗത വിവരങ്ങൾ കൂടാതെ പദ്ധതിയിലൂടെ ലഭ്യമാക്കിയിട്ടുള്ള എല്ലാ തരത്തിലുള്ള ചികിത്സാ ആനുകൂല്യങ്ങളുടെയും അവയ്ക്ക് നൽകിയ ക്ലെയിമുകളുടെയും എല്ലാ വിവരങ്ങളും കൃത്യമായി മെഡിസെപ് വെബ്പോർട്ടലിലെ ഡാഷ് ബോർഡിൽ ലഭ്യമാണ്.** |

| | | | |
|---|---|---|---|
| | | | ഈ പദ്ധതിയുടെ സവിശേഷതകൾ, ഗുണഭോക്താക്കൾ, ഇതിലുൾപ്പെട്ട ആശുപത്രി ശൃംഖല, ചികിത്സാ പാക്കേജുകൾ, ചികിത്സ തേടുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ആശുപത്രികൾക്കുള്ള നിർദ്ദേശങ്ങൾ, പരാതി പരിഹാര സംവിധാനം , നോഡൽ സെല്ലിന്റെ പ്രവർത്തനം, പദ്ധതി നിരീക്ഷണസംവിധാനം, പ്രീമിയം ഒടുക്കുന്ന രീതി എന്നിവയുൾപ്പെടുന്ന 18 അദ്ധ്യായങ്ങളാണ് ഈ പുസ്തകത്തിൽ ഉള്ളത്. മെഡിസെപ് പദ്ധതിയോടനുബന്ധിച്ച് ഇത് വരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയും ഇതിൽ ചേർത്തിട്ടുണ്ട്.<br><br>**കൂടാതെ ഇത്തരത്തിലുള്ള എല്ലാ വിവരങ്ങളും പൊതുജനങ്ങളുമായും മാധ്യമങ്ങളുമായും പങ്കുവെയ്ക്കാറുണ്ട്. മെച്ചപ്പെട്ട ത്രിതല പരാതി പരിഹാരസംവിധാനം ഡിജിറ്റൽ പ്ലാറ്റ്ഫോമിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.**<br><br>**പദ്ധതി കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിരൽതുമ്പിൽ വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു മെഡിസെപ് മൊബൈൽ ആപ്ലിക്കേഷൻ 01/05/2023-ൽ സർക്കാർ പുറത്തിറക്കുകയുണ്ടായി.** |
| (സി) | കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയിലൂടെ എത്ര കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതിനായി സംസ്ഥാന സർക്കാർ എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകാമോ? | (സി) | **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നാളിതുവരെ എൻറോൾ ചെയ്യപ്പെട്ട ആകെ കുടുംബങ്ങളുടെ എണ്ണം 41,98,301 ആണ്. പ്രസ്തുത പദ്ധതിയിലൂടെ കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സർക്കാരിന് നാളിതുവരെ 41,32,13,14,694/- രൂപ ചെലവ് വന്നിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Finance Department- Medical Insurance Scheme for State Government Employees and Pensioners- MEDISEP- Payment to Oriental Insurance Company Ltd. (OICL) for the continuation of Catastrophic procedures treatments -Sanctioned- Orders issued.

=======================================

**FINANCE ( HEALTH INSURANCE) DEPARTMENT**

**G.O.(Rt) No.6416/2023/Fin Dated, Thiruvananthapuram,08/09/2023**

=======================================

Read :-

1) G.O.(P) No.70/2022/Fin Dated 23/06/2022
2) E-mail received from OICL dated 28.11.2022.
3) G.O(Ms)No.63/2023/Fin dated 31.03.2023.
4) E-mail received from OICL dated 20.06.2023.
5) E-mail received from OICL dated 03.07.2023.
6) E-mail received from OICL dated 28.07.2023.
7) E-file No. MEDNC2/17/2023-FIN

**ORDER**

Government have issued Administrative Sanction for the commencement of MEDISEP scheme for the State Government Employees, Pensioners/family pensioners and their eligible family members, employees and pensioners of Universities which receive Grant-in-Aid from State Government and Local Self Government Institutions and directly recruited Personal Staff of Chief Minister, Ministers, Leader of opposition, Chief Whip, Speaker,

Deputy Speaker, Chairmen of Financial Committees and Personal staff pensioners and family pensioners through OICL w.e.f 01/07/2022 in GO read 1st above. The Annual Premium of the employees and the pensioners will be Rs.4800/- + 18% GST and the monthly premium will be Rs.500/- for the policy period of 2022-2025 vide Clause no.13 of Appendix I of the Government Order read 1st above. The Annual individual Premium will be remitted by the State Government in advance to the OICL on quarterly basis, as per the terms and conditions laid in the agreement between the Insurer and the State Government, by debiting the expenditure under the head of account '7610-00-800-89 Interest Free Advance Payment to the Insurance Company towards the implementation of the MEDISEP'. As stipulated in GO read 1st above an additional sum of not less than Rs. 35 crore for three years shall be provided by the Insurer as a corpus fund for providing coverage to Additional Packages (Transplant Surgeries) enlisted in Annexure2. As such the insurer has set apart an amount of Rs.35 crore for the treatment of catastrophic packages. Besides, the annual premium collected from the beneficiaries beyond which quoted by the insurer will be kept as a buffer fund and will be utilized for the treatment of catastrophic illness listed in Annexure2 upon exhaustion of the corpus fund of Rs. 35 Crore kept exclusively for such expenses by the Insurance Company.

2) Owing to the bizarre hike in the catastrophic package claims' particularly on Total Knee Replacement (TKR) and Total Hip Replacement (THR) surgeries the insurer vide ref.2 cited informed that the Corpus Fund exclusively set apart was likely to be exhausted and therefore need to be replenished. Accordingly Govt. vide ref 3 sanctioned additional fund assistance of Rs. 3 Crore to catastrophic packages limiting the TKR and THR surgeries to public hospitals w.e.f 01.04.2023. Later vide ref.4 & ref. 5 cited above insurer reported that the corpus fund has been exhausted almost and likely to have an allotment of additional amount by means of a Standard Operating Procedure (SoP) for further catastrophic package approvals. Vide ref. 6 insurer has apprised Govt. that they are unable to manage approvals providing catastrophic packages further but on the consent received from their head office to continue facilitating catastrophic package approvals suggested to account an amount as insurance for extra coverage subject to certain conditions.

3) Moreover, OICL has furnished the list of outstanding liability of Rs. 17 Crore for Catastrophic Packages upto 30,June 2023. MEDISEP Nodal Cell (MED NC) vide ref. 7 cited, has examined the outstanding liability on catastrophic claims committed till June 30, 2023 reported by OICL and submitted that an amount of Rs. 7.70 Crore (inclusive of 18% GST & 3% Service Tax) for 172 cases is pending approval to clear the claims actually initiated, preauths approved etc.

4) Government have examined the matter in detail and are pleased to issue Administrative Sanction for the payment of an amount of **Rs.10,00,00,000/- (Rupees Ten Crore only)** to Oriental Insurance Company Ltd. for replenishing the Corpus Fund thereby streamlining the catastrophic packages by debiting the expenditure under the dedicated head of account 8449-00-120-81. Oriental Insurance Company Ltd. is required to go through the pending claims included in the liability and meet the expenditure from the allotment of Rs. 10 Crore subject to the condition that the expense incurred in outstanding cases should be refunded to the beneficiaries/EHCPs concerned. MEDISEP Nodal Cell (MED NC) is entrusted to monitor the above activities. For extending the catastrophic coverage from July 1,2023 onwards the Standard Operating Procedures(SoP) shall be followed which is appended.

5) The Under Secretary, Finance (Accounts) Department being the DDO of the above head of account shall draw and credit the amount of **Rs.10,00,00,000/- (Rupees Ten Crore only)** to the bank account No.853820110000218, IFSC Code:BKID0008538 in the name of the Oriental Insurance Co. Ltd. in Puthenchanthai Branch of Bank of India.

**(BY ORDER OF THE GOVERNOR)**

**MIR MOHAMMED ALI IAS**

**ADDITIONAL SECRETARY &**
**OFFICER ON SPECIAL DUTY (FINANCE)**

To:

The Principal Accountant General (G &SSA/A&E), Kerala, Thiruvananthapuram.

The Accountant General ( E & RSA), Kerala, Thiruvananthapuram

The Under Secretary, Finance( AccountsA/B) Department

The Finance (Budget Wing A) Department

The Director of Treasuries, Thiruvananthapuram.

The Nodal Officer, www.finance.kerala.gov.in

The MEDISEP Project Head, OICL

Stock file/Office Copy ( E file No 2035805)

Forwarded/By Order

GaneshAB

Section Officer

# APPENDIX

## Standard Operating Procedure (SoP) for fund alloted to OICL for Catastrophic Packages from Corpus Fund

i) Government shall remit the premium amount to extend the coverage of catastrophic package and the amount shall constitute following components viz.,

a) Amount of premium which is the total liability of the company towards payment of catastrophic package claims b) GST @18% and c) Claim Service charges @ 3%. Such an amount paid in advance is an extra premium equal to the amount of catastrophic claims which are to be approved/agreed to approve and/or paid upto a maximum limit of 75% of such premium collected.

ii) Further claims shall be approved/agreed to approve or paid only after collecting advance additional premium amount, in which case balance 25% also shall be added for arriving at the maximum liability of the Company, which shall again be maximum of 75% of premium.

iii) Details of Catastrophic claims paid shall be regularly shared with the Finance (HI) Department in an excel sheet and the accounts shall be reconciled from time to time. Utilisation certificate of each release from Company's end shall substantiate this expenditure. A register should be maintained in Finance (HI) Department for watching the utilization of Corpus Fund. Subsequent premium will be allowed after verifying the correctness of the information from the link shared by insurer. At the end of the policy period or in the event of non remittance of extra premium for catastrophic coverage, the Govt. shall make good the losses of the Insurance Company on account of any catastrophic claim which the Company had to accept and make payment, but not included in the accounts due to errors and omissions.

iv) Approval for claims under Catastrophic category shall be given by the Oriental Insurance Co., on First in First Out basis, and by observing the instructions given by the Govt from time to time, but by giving weightage to patients of life threatening diseases, subject to availability of sufficient balance in maximum liability amount of the Company at any point of time. No liability of whatever nature shall be attached over the Oriental Insurance Co. for not approving claims at any point of time when sufficient liability balance was not available.

v) In the event of non remittance of further premium, Co's liability shall not be more than 75% as mentioned above and balance 25% shall be adjusted towards any un-reconciled payments under this head and balance if any shall be refunded to the Govt.

vi) Both the parties, the Oriental Insurance Co. and the Govt of Kerala shall have an option to cancel this arrangement to manage/approve/pay catastrophic claims, either by mutual consent, or by serving 15 days notice to the other party, in the address mentioned in the agreement for implementing MEDISEP.

vii) As such OICL has to extend catastrophic coverage from July, 2023 meeting the expenditure from the available balance in the current allotment of Rs.10,00,00,000/- after effecting GST and claim servicing charges.

viii) Besides the above, the utilisation of 3 Crore sanctioned on 31.03.2023 has also to be accounted which includes 18% GST & 3% Service Charge.

ix) Total Knee Replacements and Total Hip Replacements included in Catastrophic Packages may continue to be restricted to Public Hospitals.

**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നം. 62/2023/ധന** **തിരുവനന്തപുരം, തീയതി: 27/06/2023**

വിഷയം:- ധനകാര്യ വകുപ്പ്- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP)- ഗുണഭോക്താക്കൾക്കും എംപാനൽഡ് ആശുപത്രികൾക്കും മെഡിസെപ് മൊബൈൽ ആപ്ലിക്കേഷൻ install ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- സ.ഉ.(അച്ചടി) നം. 70/2022/ധന തീയതി 23/06/2022

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർ, പെൻഷൻകാർ, അവരുടെ ആശ്രിതർ എന്നിവർ ഉൾപ്പെടെ മുപ്പത് ലക്ഷത്തോളം വരുന്ന ജനവിഭാഗങ്ങൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതിയായ മെഡിസെപ് സൂചനയിലെ സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം 2022 ജൂലൈ 1 മുതൽ യാഥാർത്ഥ്യമായി. മെഡിസെപ് വെബ്സൈറ്റിലെ ഡാഷ്ബോർഡിൽ ലഭ്യമായ കണക്കനുസരിച്ച്, പദ്ധതി ആരംഭിച്ച് പതിനൊന്ന് മാസ കാലയളവിനുള്ളിൽ ഏകദേശം 697 കോടിയോളം രൂപയുടെ ചികിത്സാ പരിരക്ഷ ഗുണഭോക്താക്കൾക്ക് ലഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ സവിശേഷതകൾ, ഗുണഭോക്താക്കൾ, ഇതിലുൾപ്പെട്ട ആശുപത്രി ശൃംഖല, ചികിത്സാ പാക്കേജുകൾ, മെഡിസെപ് പദ്ധതിയിൽ പ്രീമിയം ഒടുക്കുന്ന വിധവും അക്കൗണ്ടിംഗ് രീതികളും, ആശുപത്രികൾക്കുള്ള നിർദ്ദേശങ്ങൾ, പരാതി പരിഹാര സംവിധാനം എന്നിവയെ പറ്റി പദ്ധതിയുടെ വെബ്പോർട്ടലിലും മെഡിസെപ് ഹാൻഡ്ബുക്കിലും വിശദീകരിച്ചിട്ടുണ്ട്. ഇപ്പോൾ, പദ്ധതി

കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിരൽതുമ്പിൽ വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു മെഡിസെപ് മൊബൈൽ ആപ്ലിക്കേഷൻ 01/05/2023-ൽ സർക്കാർ പുറത്തിറക്കുകയുണ്ടായി.

നിലവിൽ Android ഓപ്പറേറ്റിംഗ് സിസ്റ്റം version 8.1 ന് മുകളിൽ സപ്പോർട്ട് ചെയ്യുന്ന മൊബൈൽ ഫോണുകളിൽ മാത്രമാണ് പ്രസ്തുത മൊബൈൽ ആപ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുവാൻ കഴിയുക. ഗൂഗിൾ പ്ലേ സ്റ്റോർ തുറന്ന് സെർച്ചിൽ Medisep എന്ന് ടൈപ്പ് ചെയ്ത് മെഡിസെപ് ലോഗോ ഉള്ള ആപ്ലിക്കേഷൻ തിരഞ്ഞെടുത്ത് (നിലവിൽ ലഭ്യമായ version 2.5) ഡൗൺലോഡ് ചെയ്ത് Install ചെയ്യാവുന്നതാണ്. Install ചെയ്തതിനു ശേഷം ആപ്ലിക്കേഷൻ open ചെയ്യുമ്പോൾ login ചെയ്യുന്നതിനുള്ള ജാലകം (window) കാണാൻ സാധിക്കുന്നതാണ്. പ്രസ്തുത ജാലകം മുഖേന ഗുണഭോക്താക്കൾക്കും, എംപാനൽഡ് ആശുപത്രികൾക്കും ആപ്ലിക്കേഷനിൽ login ചെയ്യാവുന്നതാണ്. ആയതിലേക്കായി, Select type-ൽ (Beneficiary/Hospitals/Guest) തിരഞ്ഞെടുക്കേണ്ടതും, Beneficiary ആണെങ്കിൽ മെഡിസെപ് ഐ ഡി-യും PPO/PEN നമ്പറും നൽകിയും Hospital ആണെങ്കിൽ Hospital ID, Registered Mobile Number എന്നിവ നൽകിയും LOGIN ചെയ്യേണ്ടതാണ്. തുടർന്ന് Generate OTP ഓപ്ഷൻ click ചെയ്യുമ്പോൾ വരുന്ന ബോക്സിൽ, മെഡിസെപ്പിൽ രജിസ്റ്റർ ചെയ്തപ്പോൾ നൽകിയിട്ടുള്ള മൊബൈൽ നമ്പറിൽ ലഭ്യമാകുന്ന OTP ടൈപ്പ് ചെയ്ത് OK ബട്ടൺ അമർത്തേണ്ടതാണ്. തുടർന്ന് വരുന്ന പേജിൽ ഗുണഭോക്താവിന്റെ പേര്, മെഡിസെപ് ഐ.ഡി., TPA യുടെ പേര് എന്നിവ കാണാൻ സാധിക്കുന്നതാണ്. കൂടാതെ Profile, Dependents, Medcard, Claims, Grievances, Empanelled hospitals and Specialisation, Medisep Packages and rates, Contact എന്നീ ഐക്കണുകളും പ്രസ്തുത പേജിൽ കാണാം. Profile എന്ന ഐക്കൺ ക്ലിക്ക് ചെയ്താൽ ഗുണഭോക്താവിന്റെ വ്യക്തിഗത/ഔദ്യോഗിക വിവരങ്ങൾ കാണാൻ സാധിക്കുന്നതാണ്. Dependents എന്ന ഐക്കൺ ക്ലിക്ക് ചെയ്താൽ ഗുണഭോക്താവിന്റെ ആശ്രിതരെ സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്. Medcard എന്ന ഐക്കൺ മുഖേന ഗുണഭോക്താക്കൾക്ക് തങ്ങളുടെ Medcard ഡൗൺലോഡ് ചെയ്യാവുന്നതാണ്. Claims ഐക്കൺ ക്ലിക്ക് ചെയ്യുമ്പോൾ ഗുണഭോക്താവിന്റെ/ആശ്രിതരുടെ MEDISEP Claim സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്. Grievances എന്ന ഐക്കൺ ക്ലിക്ക് ചെയ്യുമ്പോൾ, ഗുണഭോക്താവ് മെഡിസെപ് വെബ്സൈറ്റിലെ ഗ്രീവൻസ് പോർട്ടൽ

മുഖേന സമർപ്പിച്ചിട്ടുള്ള പരാതിയുടെ വിശദാംശങ്ങൾ ലഭ്യമാകുന്നതാണ്. മെഡിസെപ്പിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളെയും വിഭാഗങ്ങളെയും സംബന്ധിച്ച വിവരം Empanelled hospitals and Specialization എന്ന ഐക്കൺ ക്ലിക്ക് ചെയ്താൽ കാണാൻ സാധിക്കുന്നതാണ്. മെഡിസെപ് ആനുകൂല്യം ലഭിക്കുന്ന ചികിത്സാ പ്രക്രിയകളും നിരക്കുകളും സംബന്ധിച്ച വിവരം Medisep Packages and rates എന്ന ഐക്കൺ ക്ലിക്ക് ചെയ്താൽ ലഭ്യമാകുന്നതാണ്. ക്ലെയിം സംബന്ധിച്ചോ ഡാറ്റാ സംബന്ധിച്ചോ റീഇംപേഴ്സ്മെന്റ് സംബന്ധിച്ചോ ഗുണഭോക്താക്കൾക്ക് സംശയനിവാരണം വരുത്തുന്നതിന് ബന്ധപ്പെടേണ്ട ടോൾ ഫ്രീ നമ്പർ/ഇമെയിൽ ഐ.ഡി.' സംബന്ധിച്ച വിവരം Contact എന്ന ഐക്കൺ ക്ലിക്ക് ചെയ്താൽ ലഭ്യമാകുന്നതാണ്.

എംപാനൽഡ് ആശുപത്രികൾ മെഡിസെപ് മൊബൈൽ ആപ്പ് -ൽ Hospital ID, Registered Mobile Number എന്നിവ നൽകി ലോഗിൻ ചെയ്യുമ്പോൾ ആശുപത്രികൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്. Guest എന്ന വിഭാഗം തെരെഞ്ഞെടുത്ത് ലോഗിൻ ചെയ്യുമ്പോൾ Empanelled hospitals, Medisep Packages and rates, Contact എന്നിവ സംബന്ധിച്ച വിവരങ്ങൾ മാത്രം ലഭ്യമാകുന്നതാണ്.

എല്ലാ മെഡിസെപ് ഗുണഭോക്താക്കളും എംപാനൽഡ് ആശുപത്രികളും മേൽ സൂചിപ്പിച്ചത് പ്രകാരമുള്ള മെഡിസെപ് മൊബൈൽ ആപ്ലിക്കേഷൻ install ചെയ്ത് ആയതിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു.

**ഷിബു എ.**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

എല്ലാ എംപാനൽഡ് ആശുപത്രികളുടെയും മേധാവികൾക്ക്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E-2452902)

ഉത്തരവിൻ പ്രകാരം

GaneshAL

സെക്ഷൻ ഓഫീസർ